പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6009

04 .11.2016-ൽ
മറുപടിയ്ക്ക്

# റവന്യൂ വകുപ്പിൻെറ ആധുനികവത്ക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അനിൽ അക്കര<br>„ വി.പി.സജീന്ദ്രൻ<br>„ ഐ.സി.ബാലകൃഷ്ണൻ<br>„ സണ്ണി ജോസഫ് | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിനെ ആധുനികവത്ക്കരണത്തിന് തിരുമാനിച്ചിട്ടുണ്ടോ, വിശദമാക്കുമോ; | (എ) ലാൻഡ് റവന്യൂ വകുപ്പിന്റെ പ്രവർത്തനം ആധുനികവത്കരിച്ച് കൂടുതൽ പൗരോന്മുഖമാക്കുക എന്ന ഉദ്ദേശ്യത്തോടെ വിവിധ ഇ-ഗവണേൺസ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളിലൂടെ റവന്യൂ ഭരണം കാലാനുസൃതമാക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നതാണ്. |
| (ബി) ആധുനികവത്ക്കരണം നടപ്പാക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഭരണതലത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഭരണത്തിലെ സുതാര്യതയും കാര്യക്ഷമതയും കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ആധുനികവത്കരണം ആരംഭിച്ചിട്ടുള്ളത്. |
| (സി) ആധുനികവത്ക്കരണത്തിന് വിവിധ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ, വിവരിക്കുമോ? | (സി) നവീന വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി റവന്യൂ വകുപ്പിനെ ആധുനികവത്കരിച്ച് വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടും കൂടി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ താഴെപ്പറയുന്ന വിവിധ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>• ഇ- ഓഫീസ്<br>• ഇ- ഡിസ്ട്രിക്റ്റ്<br>• സംയോജിത ഓൺലൈൻ പോക്കുവരവ്<br>• ഓൺലൈൻ ടാക്സ് പെയ്മെന്റ്<br>• ആർ. ആർ. ഓൺലൈൻ |

സെക്ഷൻ ഓഫീസർ